യോഗ ക്ലാസ് നാളെ മുതൽ

തിരുവനന്തപുരം

മെഡിക്കൽ കോളേജിനു സമീപം ഡോ. ജയറസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഹോളിസ്റ്റിക് മെഡിസിൻ ആൻഡ് സ്ട്രെസ് മാനേജ്മെന്റ് കേന്ദ്രത്തിലെ യോഗ ക്ലാസിന്റെ അടുത്ത ബാച്ച് നാളെ തുടങ്ങും. രാവിലെ 7 മുതൽ 8 വരെയും വൈകിട്ട് 5.30 മുതൽ 6.30 വരെയുമാണ് ക്ലാസ്. കൂടുതൽ വിവരങ്ങൾക്ക് 04712444455, 8281208000.

കാക്കനാട് കിൻഫ്ര പാർക്കിൽ തീപിടിത്തം

തൃക്കാക്കര

കാക്കനാട് കിൻഫ്ര പാർക്കിൽ ബഹുനില കെട്ടിടത്തിന് തീപിടിച്ചു. ജിയോ ഇൻഫോപാർക്ക് കെട്ടിടസമുച്ചയത്തിലാണ് തീപിടിത്തമുണ്ടായത്. ശനി വൈകിട്ട് 6.15നാണ് സംഭവം. കെട്ടിടത്തിന്റെ ചില്ലു തകർത്ത് പുറത്തുകടന്നപ്പോൾ രണ്ട് ഐടി ജീവനക്കാർക്കും രക്ഷാശ്രമത്തിനിടയിൽ ഒരു അഗ്നി രക്ഷാസേനാംഗത്തിനും പരിക്കേറ്റു. രണ്ട് അഗ്നി രക്ഷാസേനാ ഉദ്യോഗസ്ഥർക്ക് ശ്വാസതടസ്സവുമുണ്ടായി. ആർക്കും പൊള്ളലേറ്റതായി വിവരമില്ല.

സെർവർ മുറിയിൽനിന്ന് തീ പടർന്നതെന്നാണ് സൂചന. രണ്ടരമണിക്കൂറിനൊടുവിലാണ് അഗ്നി രക്ഷാസേന തീ നിയന്ത്രണവിധേയമാക്കിയത്. മൂന്നു നിലകൾ പൂർണമായും കത്തി നശിച്ചു. കെട്ടിടത്തിനുള്ളിൽ മുപ്പതോളം ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. തീപിടിത്ത സമയത്ത് 50ലധികംപേർ കെട്ടിടത്തിൽ ഉണ്ടായിരുന്നു. തീപടരുന്നത് കണ്ടയുടൻ ജീവനക്കാർ ഓടി പുറത്തിറങ്ങിയതിനാൽ വൻദുരന്തം ഒഴിവായി. സംഭവസ്ഥലത്തെത്തിയ ഇൻഫോപാർക്ക് എസ്ഐ ശ്രീജിത്തിന്റെ നേതൃത്വത്തിൽ ചില്ല് എറിഞ്ഞ് പൊട്ടിച്ചാണ് ജീവനക്കാരെ പുറത്തെത്തിച്ചത്. രണ്ടാംശനിയാഴ്ചയായതിനാൽ ജീവനക്കാർ കുറവായിരുന്നു. പരിക്കേറ്റ ഐടി ജീവനക്കാരായ രമേശ് (26), നിഖിൽ (27) എന്നിവരെ കാക്കനാട് സഹകരണ ആശുപത്രിയിലേക്ക് മാറ്റി. കെട്ടിടത്തിൽ ആരും കുടുങ്ങിയിട്ടില്ലെന്നാണ് വിവരം. വിവിധ സ്റ്റേഷനുകളിൽനിന്നായി 14 അഗ്നി രക്ഷാസേനാ യൂണിറ്റുകളെത്തിയാണ് തീയണച്ചത്.

വിദ്വേഷ പ്രചാരണത്തിനെതിരെ ജാഗ്രത പുലർത്തുക: മുഖ്യമന്ത്രി

കേരള മുസ്ലിം ജമാഅത്ത് ഫെഡറേഷൻ റൂബി ജൂബിലി ജനമുന്നേറ്റ റാലിയും മഹാസമ്മേളനവും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

സ്വന്തം ലേഖകൻ

കൊല്ലം

കേരളത്തിൽ വിദ്വേഷത്തിന്റെ വിത്തുവിതയ്ക്കാനുള്ള നീക്കമാണ് ചിലർ നടത്തുന്നതെന്നും ദുരാരോപണങ്ങൾക്കും വ്യാജ പ്രചാരണങ്ങൾക്കുമെതിരെ ജാഗ്രത പുലർത്തണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജമാഅത്ത് ഫെഡറേഷൻ 40–ാം വാർഷികാഘോഷത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച പൊതുസമ്മേളനം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യമാകെ കേരളത്തെക്കുറിച്ച് തികച്ചും മോശമായ ചിത്രം പ്രചരിപ്പിക്കാൻ ഒരുകൂട്ടർ കുറച്ചുനാളായി നിരന്തരശ്രമം നടത്തുന്നു. നുണകൾ ആവർത്തിച്ചാവർത്തിച്ച് സത്യങ്ങളെന്ന മട്ടിൽ അവതരിപ്പിക്കുക എന്ന ഫാസിസ്റ്റ് തന്ത്രമാണ് അവർ പയറ്റുന്നത്.

വർഗീയ കലാപത്തിലൂടെ ധ്രുവീകരണം സൃഷ്ടിച്ച് രാഷ്ട്രീയ വിപുലീകരണം നടത്തുക എന്നതാണ് സംഘപരിവാറിന്റെ ലക്ഷ്യം. 2014 മുതലുള്ള സംഭവങ്ങൾ പരിശോധിച്ചാൽ ആർക്കുമിത് ബോധ്യമാകും. ഏകീകൃത സിവിൽ കോഡിലേക്കാണു നീങ്ങുന്നത്. തുടർന്ന് ഹിന്ദുരാഷ്ട്ര നിർമാണത്തിലേക്കും. ക്രൈസ്തവ, മുസ്ലിം അടക്കമുള്ള വിഭാഗങ്ങൾക്ക് സ്വന്തം സ്വത്വം നിലനിർത്താൻ കഴിയാതാകുന്നു എന്നതാണ് രാജ്യത്തിന്റെ പൊതുസ്ഥിതി. അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ഇനിയും കലാപത്തീ അണയാത്ത മണിപ്പൂർ. ചരിത്രത്തെ എന്നും സംഘപരിവാറിന് ഭയമാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ഒറ്റുകൊടുത്ത പാരമ്പര്യം അവകാശപ്പെടുന്ന അവർക്ക് രാജ്യത്തിന്റെ ചരിത്രത്തെക്കുറിച്ച് ഓർക്കുമ്പോൾ വേവലാതിയുണ്ടാകുന്നത് സ്വാഭാവികം. ഇന്ത്യാചരിത്രത്തിന്റെ ബഹുസ്വരതയെയാണ് അവർ ഭയപ്പെടുന്നത്. രാഷ്ട്രപിതാവ് ഗാന്ധിജിയും ആദ്യ പ്രധാനമന്ത്രി നെഹ്റുവും പാഠപുസ്തകങ്ങളിൽ നിന്ന് വെട്ടിമാറ്റപ്പെടുന്നു.

ഇപ്പോഴിതാ ആദ്യ വിദ്യാഭ്യാസ മന്ത്രി മൗലാനാ അബ്ദുൾ കലാം ആസാദിനെയും പുറത്താക്കിയിരിക്കുന്നു. മുഗൾ സാമ്രാജ്യത്തെക്കുറിച്ചുള്ള പാഠഭാഗങ്ങൾ നീക്കം ചെയ്യാനും എൻസിഇആർടി തീരുമാനിച്ചിരിക്കുന്നു. പാഠങ്ങൾ നീക്കി ചരിത്രം മായ്ക്കാനാകുമെന്ന് വിചാരിക്കുന്നവർ മൂഢസ്വർഗത്തിലാണ്. സംഘപരിവാർ ഭയപ്പെടുന്നവയെല്ലാം കേരളത്തിലെ പാഠപുസ്തകങ്ങളിൽ തുടർന്നും പഠിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇസ്രയേൽ രൂപീകരണത്തിന് മുക്കാൽ നൂറ്റാണ്ട്

ടെൽഅവീവ്

രാജ്യം രൂപീകരിച്ചശേഷം ഏറ്റവും വലിയ സാമൂഹിക വിഭജനത്തിന് കാരണമായ ജുഡീഷ്യറിയെ ചൊല്ലിയുള്ള തർക്കങ്ങളുടെയും പലസ്തീനിലെ കൂട്ടക്കുരുതിയുടേയും പശ്ചാത്തലത്തിൽ ഇസ്രയേൽ ഞയറാഴ്ച 75–ാം വാർഷികം ആഘോഷിക്കുന്നു. പലസ്തീന് അവകാശപ്പെട്ട ഭൂമിയിൽ അധിനിവേശം നടത്തി അവരെ ഇല്ലാതാക്കാൻ ശ്രമിക്കുന്നതിന്റെ 75 വർഷം. 1947ൽ തങ്ങളുടെ കോളനിയായ പലസ്തീനിൽനിന്ന് പിൻവാങ്ങുവാൻ തീരുമാനിക്കുന്നതിനു മുമ്പുതന്നെ അവിടെ ജൂതരാഷ്ടം സ്ഥാപിക്കാനുള്ള നീക്കം ബാൽഫർ പ്രഖ്യാപനത്തിലൂടെ ബ്രിട്ടൺ വെളിപ്പെടുത്തിയിരുന്നു. ആ സാമ്രാജ്യത്വ ഗൂഢാലോചനയിലൂടെയാണ് 1948 മെയ് 14ന് അർധരാത്രി ഇസ്രയേൽ എന്ന പുതിയ രാജ്യം പിറവികൊണ്ടത്.

ഡേവിഡ് ബെൻഗുറിയൻ ആദ്യ പ്രധാനമന്ത്രിയായി. പിന്നാലെ അറബ് രാഷ്ട്രങ്ങളായ ഈജിപ്ത്, സിറിയ, ജോർദാൻ, ലെബനൻ, ഇറാഖ് എന്നിവയുമായി 1948 മെയ് മാസം യുദ്ധം ആരംഭിച്ചു. യുദ്ധ ഫലമായി ജോർദാൻ നദിക്ക് പടിഞ്ഞാറുള്ള പ്രദേശത്തിന്റെ 29 ശതമാനം ഇസ്രയേലിന് ലഭിച്ചു. ഇസ്രയേലിലെ പലസ്തീൻകാരായ അറബികൾ മറ്റ് നാടുകളിലേക്ക് അഭയാർഥികളാകാൻ വിധിക്കപ്പെട്ടു. പിന്നീടിങ്ങോട്ട് പലസ്തീനിൽ ഇസ്രയേൽ നടത്തിയ അധിനിവേശ ശ്രമങ്ങളിൽ നിരവധി കൊല്ലപ്പെട്ടു. ഇസ്രയേൽ ആക്രമണങ്ങളിൽ ഈ ഒരാഴ്ചക്കിടെ 33പേർ കൊല്ലപ്പെടുകയും നൂറ്റിപ്പത്തിലേറെപേർക്ക് പരിക്കേൽക്കുകയും ചെയ്തു.

കുരുതി തുടർന്ന് ഇസ്രയേൽ

ഗാസ സിറ്റി

തുടർച്ചയായ അഞ്ചാം ദിവസവും കുരുതി തുടർന്ന് ഇസ്രയേൽ. ഇസ്രയേൽ സൈന്യം ബലാട്ട അഭയാർഥി ക്യാമ്പിൽ പരിശോധനയ്ക്കിടെ രണ്ടുപേരെ കൊലപ്പെടുത്തി. മൂന്നുപേർക്ക് പരിക്കേറ്റു. സെയ്ദ് മെസ്ഹ (32), അദ്നാൻ അറജ് (19) എന്നിവരാണ് കൊല്ലപ്പെട്ടതെന്ന് പലസ്തീൻ ആരോഗ്യ മന്ത്രി പറഞ്ഞു. ഇസ്രയേലിലേക്ക് പലസ്തീൻ സായുധ സംഘടനകൾ നിരവധി റോക്കറ്റുകൾ തൊടുത്തെങ്കിലും ആളപായമില്ല.

വൈദ്യപരിശോധനയ്ക്കിടെ യുവാവ് ഡോക്ടറെ ഭീഷണിപ്പെടുത്തി

കൊല്ലം

ജില്ലാ ആശുപത്രിയിൽ വൈദ്യപരിശോധനയ്ക്ക് എത്തിച്ചയാൾ ബഹളമുണ്ടാക്കി ഡോക്ടറെ ഭീഷണിപ്പെടുത്തി. ശനി വൈകിട്ട് 5.20നാണ് സംഭവം. മദ്യപിച്ചു പ്രശ്നമുണ്ടാക്കുന്നുവെന്ന വീട്ടുകാരുടെ പരാതിയിൽ അഞ്ചാലുംമൂട് ഞാറയ്ക്കലിലെ ഭാര്യവീട്ടിൽനിന്ന് അഞ്ചാലുംമൂട് പൊലീസ് കസ്റ്റഡിയിലെടുത്ത കൊല്ലം തിരുമുല്ലവാരം സ്വദേശി വിഷ്ണുവാണ് (31)പ്രശ്നമുണ്ടാക്കിയത്.

കൈവിലങ്ങ് ധരിപ്പിച്ച് എസ്ഐ ഉൾപ്പെടെ മൂന്ന് പൊലീസുകാർ ചേർന്നാണ് കാഷ്വാലിറ്റിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോ. ജാസ്മിന് മുന്നിൽ വൈദ്യപരിശോധനയ്ക്ക് എത്തിച്ചത്. എന്നാൽ, അക്രമാസക്തനായ വിഷ്ണുവിനെ പരിശോധിക്കാനാകില്ലെന്ന് ഡോക്ടർ പറഞ്ഞു. ഇതിനിടെ ജൂനിയർ ഡോക്ടർമാർ മൊബൈൽഫോണിൽ വീഡിയോ എടുത്തതിൽ പ്രകോപിതനായ വിഷ്ണു 'നിന്റെ ജീവിതം ഇന്നു ഞാൻ തീർത്ത് തരാ'മെന്ന് ഭീഷണിപ്പെടുത്തി. പൊലീസ് ഇടപെട്ട് ഇയാളെ അനുനയിപ്പിച്ചു.

തുടർന്ന് വൈദ്യപരിശോധന നടത്താതെ ഡോക്ടറിൽനിന്ന് ഒപി ടിക്കറ്റിൽ എഴുതിവാങ്ങി തിരികെ അഞ്ചാലുംമൂട് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. പിന്നീട് ഭാര്യയുടെ ജാമ്യത്തിൽ വിട്ടയച്ചതായി പൊലീസ് അറിയിച്ചു. ഇതിനുശേഷം ഡോക്ടർ കൊല്ലം ഈസ്റ്റ് പൊലീസിൽ പരാതി നൽകി.

കരളായി കൈലാസ്നാഥ്; സുജാത ആശുപത്രിവിട്ടു

ഏറ്റുമാനൂർ

കൈലാസ്നാഥിന്റെ കരൾ ഏറ്റുവാങ്ങിയ സുജാത(52) ആരോഗ്യത്തോടെ കോട്ടയം മെഡിക്കൽകോളേജ് ആശുപത്രി വിട്ടു. യാത്രയാക്കാൻ ജീവനക്കാർക്കൊപ്പം ആരോഗ്യമന്ത്രി വീണാ ജോർജും എത്തി. മെഡിക്കൽ കോളേജിൽ പുതിയ ചരിത്രം രചിച്ചുകൊണ്ടാണ് വയനാട് കൽപ്പറ്റ ഏഴമുടി സൂരജ് ഭവനിൽ രാജീവിന്റെ ഭാര്യ സുജാതക്ക് ഏപ്രിൽ 25ന് കരൾ മാറ്റിവച്ചത്. ആദ്യമായാണ് മസ്തിഷ്കമരണം സംഭവിച്ചയാളുടെ കരൾ മറ്റൊരാൾക്ക് വച്ചത്.

കോട്ടയം താഴത്തങ്ങാടി പ്ലാത്തറ വീട്ടിൽ മനോജിന്റെ മകൻ ഡിവൈഎഫ്ഐ പ്രവർത്തകനായിരുന്ന കൈലാസ്നാഥി(24)ന്റെ കരൾ ഏറ്റുവാങ്ങിയ സുജാത ശനിയാഴ്ച മെഡിക്കൽകോളേജ് പരിസരത്തെ വാടകവീട്ടിലേക്ക് മാറി. മൂന്നുമാസത്തേക്ക് തുടർചികിത്സ ആവശ്യമായതിനാലാണ് ആശുപത്രിക്ക് സമീപത്ത് തന്നെ കഴിയുന്നത്. വാഹനാപകടത്തിൽ മസ്തിഷ്കമരണം സംഭവിച്ച കൈലാസ്നാഥിന്റെ ഏഴ് അവയവങ്ങൾ ദാനംചെയ്യാൻ ബന്ധുക്കൾ നേരത്തെ സമ്മതപത്രം നൽകിയിരുന്നു.

സുജാതയെ ആരോഗ്യമന്ത്രി നേരിൽകണ്ട് സന്തോഷം പങ്കുവച്ചു. മന്ത്രിക്കൊപ്പം ആശുപത്രി സൂപ്രണ്ട് ഡോ. ടി കെ ജയകുമാർ, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ആർ രതീഷ്കുമാർ, കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. വർഗീസ് പുന്നൂസ്, ജില്ലാ സഹകരണ ആശുപത്രി പ്രസിഡന്റ് സി ജെ ജോസഫ്, ആശുപത്രി വികസന സമിതിയംഗം കെ എൻ വേണുഗോപാൽ, സിപിഐ എം ഏരിയ സെക്രട്ടറി ബാബു ജോർജ്, ഡിവൈഎഫ്ഐ ജില്ലാ പ്രസിഡന്റ് അഡ്വ. ബി മഹേഷ് ചന്ദ്രൻ എന്നിവരും ഉണ്ടായിരുന്നു.

കരൾ സ്വീകരിച്ച സുജാതയെ ആരോഗ്യ മന്ത്രി വീണാ ജോർജ് സന്ദർശിച്ചപ്പോൾ

'ഗോഡ്സെ ഗാന്ധിജിയെ കൊന്നത് എന്തിന്' നാളെ പ്രകാശിപ്പിക്കും

തിരുവനന്തപുരം

ബോബി തോമസ് രചിച്ച 'ഗോഡ്സെ ഗാന്ധിജിയെ കൊന്നത് എന്തിന്' പുസ്തകം തിങ്കൾ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പ്രകാശിപ്പിക്കും. വൈകിട്ട് 4ന് പ്രസ് ക്ലബ് ഹാളിലാണ് പരിപാടി. സി പി ജോൺ ഏറ്റുവാങ്ങും. ലൈബ്രറി കൗൺസിൽ സംസ്ഥാന സെക്രട്ടറി വി കെ മധു അദ്ധ്യക്ഷനാകും. സൈൻ ബുക്സാണ് പ്രസാധകർ.

പാകിസ്ഥാനിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ 6 സൈനികർ മരിച്ചു

ഇസ്ലാമാബാദ്

പാകിസ്ഥാനിലെ തെക്കുപടിഞ്ഞാറൻ ബലൂജിസ്ഥാൻ പ്രവിശ്യയിൽ സൈന്യവും തീവ്രവാദികളും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ആറുസൈനികരും ഒരുസാധാരണക്കാരനും ആറു ഭീകരരും കൊല്ലപ്പെട്ടു. ആറുപേർക്ക് പരിക്കേറ്റു. പ്രവിശ്യയിലെ മുസ്ലിംബാഗ് ഏരിയയിലെ ഒരു അർധസൈനിക കേന്ദ്രത്തിന് സമീപം കടന്ന ഭീകരർ ആളുകളെ ബന്ദികളാക്കി. ഇവരെ രക്ഷിക്കുന്നതിന്റെ ഭാഗമായാണ് ഏറ്റുമുട്ടലുണ്ടായത്.

'മഹാത്മാഗാന്ധിയുടെ മണ്ണിൽ മതവർഗീയത' പ്രകാശിപ്പിച്ചു

സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം ജി രാമകൃഷ്ണൻ എഴുതി ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച 'മഹാത്മാഗാന്ധിയുടെ മണ്ണിൽ മതവർഗീയത' പുസ്തകം പൊളിറ്റ്ബ്യൂറോ അംഗം എം എ ബേബി ആൻഡമാൻ–നിക്കോബാർ ദ്വീപുകളിലെ സംസ്ഥാന സെക്രട്ടറി ഡി അയ്യപ്പന് നൽകി പ്രകാശിപ്പിക്കുന്നു. ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറി എ ആർ രഞ്ജിത്, കേന്ദ്രകമ്മിറ്റി അംഗം ഡോ. ചിന്ത ജെറോം, സംസ്ഥാന പ്രസിഡന്റ് വി വസീഫ്, ജി രാമകൃഷ്ണൻ, സിപിഐ എം ജില്ലാ സെക്രട്ടറി സി എൻ മോഹനൻ എന്നിവർ സമീപം

ഫോർട്ട് കൊച്ചി

സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം ജി രാമകൃഷ്ണൻ എഴുതി ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച 'മഹാത്മാഗാന്ധിയുടെ മണ്ണിൽ മതവർഗീയത' പുസ്തകം പ്രകാശിപ്പിച്ചു. യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ വേദിയിൽ നടന്ന ചടങ്ങിൽ പൊളിറ്റ്ബ്യൂറോ അംഗം എം എ ബേബി, ആൻഡമാൻ–നിക്കോബാർ ദ്വീപുകളിലെ സംസ്ഥാന സെക്രട്ടറി ഡി അയ്യപ്പന് പുസ്തകം കൈമാറി. സിപിഐ എം ജില്ലാ സെക്രട്ടറി സി എൻ മോഹനൻ, ഡിവൈഎഫ്ഐ സംസ്ഥാന പ്രസിഡന്റ് വി വസീഫ്, കേന്ദ്രകമ്മിറ്റി അംഗം ഡോ. ചിന്ത ജെറോം, ജില്ലാ സെക്രട്ടറി എ ആർ രഞ്ജിത് തുടങ്ങിയവർ പങ്കെടുത്തു.

മകനെക്കുറിച്ച് മിണ്ടാതെ ആന്റണി

തിരുവനന്തപുരം

കർണാടക തെരഞ്ഞെടുപ്പു ഫലത്തിനു പിന്നാലെ, ബിജെപിയിലേക്ക് ചേക്കേറിയ മകൻ അനിൽ ആന്റണിയെക്കുറിച്ചുള്ള ചോദ്യങ്ങളോട് പ്രതികരിക്കാതെ മുതിർന്ന കോൺഗ്രസ് നേതാവ് എ കെ ആന്റണി. താനൊരു കോൺഗ്രസ് നേതാവാണെന്നും രാഷ്ട്രീയം പറയാനാണ്, കുടുംബകാര്യം പറയാനല്ല വന്നതെന്നുമായിരുന്നു ചോദ്യങ്ങളോട് ആന്റണിയുടെ മറുപടി.

കർണാടകത്തിലെ കോൺഗ്രസ് വിജയം പ്രധാനമന്ത്രി നരേന്ദ്ര മോദിക്കേറ്റ തിരിച്ചടിയാണ്. കേരളത്തിൽനിന്ന് പോയ കോൺഗ്രസ് നേതാക്കൾ പ്രചാരണം നടത്തിയ മണ്ഡലങ്ങളിലെല്ലാം തോറ്റു എന്നവാദം ശരിയല്ല. മതേതര ശക്തികളുടെ ഐക്യത്തിന് തുരങ്കം വയ്ക്കുന്നവർക്ക് താക്കീത് നൽകിയ തെരഞ്ഞെടുപ്പാണ് കർണാടകത്തിലേത്.

വൈഎൽഎഫ് നൽകുന്നത് വലിയ ഊർജം

പുണ്യ സി ആർ / എ എസ് ജിബിന

സമൂഹത്തോട് സംവദിക്കാനുള്ളതെല്ലാം കഥകളാക്കുകയാണ് പുണ്യ സി ആർ. അരികുവൽക്കരിക്കപ്പെട്ട ജീവിതങ്ങളുടെ മൂർച്ചയുള്ള ശബ്ദമാകാൻ പുണ്യയുടെ കഥകൾക്ക് കഴിഞ്ഞു. പച്ചയായ ജീവിതക്കാഴ്ചകളിലേക്കാണ് വാട, അടക്കം, പുഴമീനുകൾ, മുലനീർ, കുഞ്ഞുമേരിയും റൂമിയും എന്നീ കഥകൾ വായനക്കാരെ ക്ഷണിക്കുന്നത്.

വൈഎൽഎഫിനെക്കുറിച്ച്?

യുവാക്കൾ സംഘടിപ്പിക്കുന്ന സാഹിത്യോത്സവം വലിയ ഊർജമാണ് പകരുന്നത്. യുവതയ്ക്ക് പറയാനും കേൾക്കാനുമുള്ള ഇടമാണിത്. എഴുത്തുമുറിയെന്ന വിഷയത്തിലാണ് ഞാൻ സംസാരിച്ചത്. പിജി പഠനത്തിനായി മദ്രാസ് യൂണിവേഴ്സിറ്റിയിൽ പഠിക്കാനെത്തിയപ്പോഴാണ് സ്വന്തമായൊരു മുറി എനിക്ക് ലഭിച്ചത്. ആ ഹോസ്റ്റൽമുറിയിലിരുന്നാണ് ഞാൻ കൂടുതലും എഴുതിയത്.

എഴുത്തിലേക്ക്?

പുണ്യ സി ആർ

സ്കൂൾ കലോത്സവങ്ങളുടെ ഭാഗമായി യുപി തലത്തിൽ പഠിക്കുമ്പോഴാണ് എഴുതിത്തുടങ്ങിയത്. കഥകൾ തന്നെയാണ് എഴുതിത്തുടങ്ങിയത്. പാലക്കാടും ചെന്നൈയിലും കണ്ട ജീവിതക്കാഴ്ചകൾ കഥാതന്തുവായി. തോട്ടിപ്പണിക്കാരുടെ ജീവിതത്തെക്കുറിച്ചു പറയുന്ന വാട എന്ന കഥ പ്രസിദ്ധീകരിച്ചതോടെയാണ് നാടുകാരടക്കം എഴുത്തുകാരിയായി അംഗീകരിച്ചത്. കഥയെഴുതിയിട്ടും തൃപ്തി ലഭിച്ചില്ലെന്നതാണ് വാസ്തവം. ഓരോ വായനയിലും കൂടുതൽ മെച്ചപ്പെടുത്താമെന്നാണ് തോന്നാറുള്ളത്.

അടുത്ത കഥ?

അതിഥിത്തൊഴിലാളികളെക്കുറിച്ചുള്ള കഥയാണ് അടുത്തത്. സർക്കാർ അതിഥിത്തൊഴിലാളികൾക്ക് വേണ്ട സൗകര്യം ഒരുക്കുമ്പോഴും സമൂഹത്തിൽ പലരും മുൻവിധിയോടെയാണ് അവരോട് പെരുമാറുന്നത്. കഥയിലൂടെ ഈ പ്രശ്നം അവതരിപ്പിക്കാനാണ് പദ്ധതി.

ഓൺലൈൻ ഇടത്തെക്കുറിച്ച്?

കൂടുതൽ കഥകളും ഓൺലൈനിലാണ് പ്രസിദ്ധീകരിച്ചത്. വായനക്കാരോട് നേരിട്ട് സംവദിക്കാൻ ഓൺലൈൻ ഇടങ്ങൾ അവസരമൊരുക്കുന്നുണ്ട്. കഥകൾ പുസ്തകരൂപത്തിൽ ഉടൻ പ്രതീക്ഷിക്കാം.

മറക്കാനാകാത്ത അനുഭവം?

വാട എന്ന കഥയിലെ ചില പദപ്രയോഗങ്ങൾ അംഗീകരിക്കാനാകാതെ ചിലർ ചീത്തവിളിച്ചത് ഒരിക്കലും മറക്കാനാകില്ല. പ്ലസ്ടുവിന് പഠിക്കുമ്പോൾ എഴുതിയ കഥ മുലനീർ അക്കാദമിയുടെ വേദിയിൽ ഞാൻ വായിച്ചു. ആ കഥ കേട്ട് അമ്മ വിതുമ്പിയതും മറക്കാനാകില്ല.

കേരള ബാങ്കിന്റെ ഐടി ഇന്റഗ്രേഷൻ 18ന് പൂർത്തിയാകും: മന്ത്രി

ചങ്ങനാശേരി

കേരള ബാങ്കിന്റെ ഐ ടി ഇന്റഗ്രേഷൻ നടപടികൾ പതിനെട്ടോടെ പൂർത്തിയാകുമെന്ന് വി എൻ വാസവൻ. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന സഹായഹസ്തം, സൗരജ്യോതി വായ്പാ പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനവും ഭിന്നശേഷി സഹകരണസംഘത്തിന്റെ പ്രവർത്തനോദ്ഘാടനവും കുറിച്ചി ശങ്കരപുരം എസ്എൻഡിപി ഹാളിൽ നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാരിന്റെ രണ്ടാംവാർഷികത്തിന്റെ ഭാഗമായി സഹകരണമേഖലയിൽ 25 പുതിയ പദ്ധതികളാണ് നടപ്പാക്കുന്നത്. ഇതിനോടകം പതിട്ടെണ്ണം ഉദ്ഘാടനം ചെയ്തു. ഇരുപതോടെ 25 പദ്ധതികളും നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.



RNI Reg. No. 44790/90. Vol. XXXV No.127 Reg.No. KL/TV(N)/33/2018-20. Printed and Published by K J THOMAS On behalf of CPI(M) Kerala State Committee and Printed at P Krishna Pillai Memorial Printing and Publishing Co. (P) Ltd. Thampanoor, Thiruvananthapuram-695 001
Editor: Puthalath Dinesan (Responsible for selection of news under the PRB Act) Chief Editor: Puthalath Dinesan. Phone: 0471 2701800. Email: dbitvm@gmail.com, website: www.deshabhimani.com